# കേരള സർവകലാശാല

നം.പി.ആർ.143/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ലൈബ്രറി അസിസ്റ്റന്റ് കരാർ നിയമനം

സർവകലാശാല നേരിട്ടു നടത്തുന്ന യു.ഐ.റ്റി കളിലേക്ക് കരാറടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനായുള്ള അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാ ഫോറം www.keralauniversity.ac.in/job opportunities എന്ന ലിങ്കിൽ ലഭ്യമാണ്. ജൂലൈ 7 ന് 5.00 മണിക്ക് മുൻപായി ഡെപ്യൂട്ടി രജിസ്ട്രാർ അഡ്മിൻ III , യൂണിവേഴ്സിറ്റി ഓഫ് കേരള, സെനറ്റ് ഹൗസ് ക്യാംപസ്, പാളയം, തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### കുക്കിനെ ആവശ്യമുണ്ട്

കാര്യവട്ടം മെൻസ് ഹോസ്റ്റലുകളിലേക്ക് കരാറടിസ്ഥാനത്തിൽ കുക്കിനെ ആവശ്യമുണ്ട്. പ്രതിമാസ വേതനം 20,000 രൂപ. യോഗ്യത രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം. ഹോസ്റ്റൽ മെസ്സുകളിൽ കുക്ക് ആയുള്ള ജോലിപരിചയം അഭികാമ്യം. നിയമനം ഒരു വർഷത്തെ കാലയളവിലേക്കായിരിക്കും. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം വാർഡൻ, മെൻസ് ഹോസ്റ്റൽ, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം – 695581, ഫോൺ – 0471-2308141 അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 6.

### ഉപന്യാസ മൽസരം

ലോക ജനസംഖ്യാ ദിനാചരണത്തോടനുബന്ധിച്ച് ജനസംഖ്യാശാസ്ത്ര പഠനവകുപ്പിലെ പൂർവ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ "കുടുംബാസൂത്രണം ഒരു മനുഷ്യാവകാശം"എന്ന വിഷയത്തിൽ ഉപന്യാസ മൽസരം സംഘടിപ്പിക്കുന്നു. കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ പത്തു പേജിൽ കവിയാതെ മലയാളത്തിലെഴുതിയ ഉപന്യാസം കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം സഹിതം ജൂലൈ 5 ന് മുമ്പ് ഹെഡ് ഡിപ്പാർട്ട്മെന്റ് ഓഫ് ഡെമോഗ്രഫി, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം 695581 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ഏറ്റവും നല്ല രചനയ്ക്ക് ജൂലൈ 11 ന് നടക്കുന്ന ചടങ്ങിൽ സമ്മാനം വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308057 ൽ ബന്ധപ്പെടുക.

## <u>പരീക്ഷ ടൈംടേബിൾ</u>

2018 ആഗസ്റ്റ് 1 ന് തുടങ്ങുന്ന ബി.എസ്.സി (ആന്വൽ സ്കീം) സബ്സിഡിയറി വിഷയ ങ്ങൾക്കുള്ള മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ജൂലൈ മാസത്തിൽ നടക്കുന്ന ഏഴാം സെമസ്റ്റർ റെഗുലർ ബി.ടെക് കോഴ്സ് കോഡിൽ വരുന്ന അഞ്ച്, ആറ്, ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് പാർട്ട്–ടൈം റീസ്ട്രക്ചേർഡ് (2008 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>പ്രവേശന പരീക്ഷ</u>

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ജൂലൈ 4 ന് രാവിലെ 10.00 മണിക്ക് നടത്തുന്ന പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സിന്റെ പ്രവേശന പരീക്ഷയുടെ ഹാൾ ടിക്കറ്റ് ജൂൺ 30 വരെയും ലഭിക്കാത്തവർ ജൂലൈ 2 ന് മുമ്പ് ഇൻസി റ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

തിരുവനന്തപുരം.



26.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098